# ചെട്ടിക്കാട് സഹകരണബാങ്ക് കെട്ടിടോദ്ഘാടനം

വടക്കേക്കര

28.11.2009

ചെട്ടിക്കാട് സർവ്വീസ് സഹകരണബാങ്കിനുവേണ്ടി നിർമ്മിച്ച പുതിയ കെട്ടിടം ഏറെ സന്തോഷത്തോടെ ഉദ്ഘാടനം ചെയ്തതായി അറിയിക്കുന്നു. ഈ പ്രദേശത്തിന്റെ വികസനത്തിൽ നേതൃത്വ പരമായ പങ്ക് വഹിച്ച ജനകീയപ്രസ്ഥാനമാണ് ചെട്ടിക്കാട് ബാങ്ക്. കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും കയർതൊഴി ലാളികളുടെയുമെല്ലാം ഉന്നമനത്തിനുവേണ്ടി പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്ന സഹകരണസ്ഥാപനമാണിത്. ബാങ്കിങ്ങ് സേവനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പുതിയ കെട്ടിട സൗകര്യം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

നൂറ് വർഷത്തിലേറെ പിന്നിട്ടുകഴിഞ്ഞ മഹാപ്രസ്ഥാനമാണ് കേരള ത്തിലെ സഹകരണ മേഖല. രാജ്യത്തിനാകെ മാതൃക കാട്ടുന്ന വിധത്തിൽ നമ്മുടെ സഹകരണമേഖല വളർന്നു പന്തലിച്ചിട്ടുണ്ട്. എല്ലാ രംഗത്തും ഇന്ന് സഹകരണമേഖലയുടെ പ്രവർത്തനമുണ്ട്.

ആദ്യകാലത്ത് വായ്പാ-നിക്ഷേപ രംഗത്തുമാത്രമാണ് സഹകരണ മേഖല ശ്രദ്ധ കേന്ദ്രീകരിച്ചത്. എന്നാലിന്ന് വ്യവസായ രംഗത്തും വ്യാപാരരംഗത്തും വിദ്യാഭ്യാസ രംഗത്തും ആതുരശുശ്രൂഷാ രംഗത്തും സഹകരണമേഖല മികച്ച പ്രവർത്തനം കാഴ്ചവെക്കുന്നു.

സ്വകാര്യമേഖലയുടെ ചൂഷണത്തിൽനിന്നും ജനങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുന്ന ഒരു സംവിധാനമാണിത്.

കേരളത്തിന്റെ വികസനത്തിൽ സഹകരണമേഖല വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ബാങ്കിംഗ് രംഗത്തായാലും കാർഷിക-വ്യവസായ മേഖലകളിലായാലും ശുശ്രൂഷാരംഗത്തായാലും ഒന്നാംകിടയിലാണ് ഇന്ന് സഹകരണമേഖല. സഹകരണമേഖല സ്വാശ്രയത്വത്തിന്റെ പ്രതീകമാണ്. നമ്മുടെ ഗ്രാമങ്ങളുടെ വികസനത്തിന്റെ മുഖ്യ ചാലക ശക്തിയാണ്. സാമൂഹ്യ പ്രതിബദ്ധതയോടെയുള്ള പ്രവർത്ത നങ്ങളിൽ സഹകരണമേഖല വലിയ പങ്ക് വഹിക്കുന്നുണ്ട്. ഇന്ത്യയി ലെല്ലായിടത്തും വിലക്കയറ്റം രൂക്ഷമാണിന്ന്. എന്നാൽ കേരളത്തിൽ ഒരളവുവരെയെങ്കിലും വിലക്കയറ്റം പിടിച്ചുനിർത്താൻ നമുക്ക് കഴിയുന്നത് സപ്ലൈകോയും സഹകരണ വകുപ്പും നടത്തുന്ന നിസ്തുലമായ പ്രവർത്തനത്തിലൂടെയാണ്. മാർക്കറ്റ് ഇന്റർവെൻഷൻ പ്രധാനപ്പെട്ട ഒരു പ്രവർത്തനരംഗമായി സഹകരണമേഖല ഏറ്റെടു ത്തിരിക്കുന്നു. വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് ഈ ബാങ്കും തനതായ പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടിലേറെയായി നമ്മുടെ രാജ്യത്ത് ആഗോള വത്ക്കരണ സാമ്പത്തിക നയങ്ങൾ ശക്തമായി നടപ്പാക്കിവരിക യാണ്. ലോകവ്യാപകമായി ആഗോളവത്ക്കരണത്തിന്റെ ഭാഗമായി അധിനിവേശ സാമ്പത്തിക നയങ്ങളാണ് നടപ്പാക്കിക്കൊണ്ടിരി ക്കുന്നത്. നവലിബറൽ പരിഷ്ക്കാരങ്ങൾ അതിന്റെ ഭാഗമാണ്. പൊതുമേഖലയെയും സഹകരണ മേഖലയെയും അവഗണിക്കു കയും തകർക്കുകയും ചെയ്യുന്നതാണ് ആ നയങ്ങൾ.

ആഗോളവത്ക്കരണ നയങ്ങളുടെ വെല്ലുവിളി നേരിടാൻ സഹകരണ മേഖലയെ ശക്തിപ്പെടുത്തണം. മത്സരത്തിൽ തോറ്റു പോകാതെ കരുത്തോടെ വിജയത്തിലേക്ക് കുതിക്കാൻ സഹകരണ മേഖലയെ പ്രാപ്തമാക്കണം. കൃഷിക്കാരുടെയും തൊഴിലാളികളു ടെയും മറ്റ് സാധാരണക്കാരുടെയും താല്പര്യം സംരക്ഷിക്കപ്പെ ടണമെങ്കിൽ സഹകരണ ബാങ്കുകൾ ശക്തിപ്പെടണം. സഹകരണ ബാങ്കുകളാണ് പാവങ്ങൾക്ക് താങ്ങും തണലും. സഹകരണമേഖല കേരളീയ ജീവിത പുരോഗതിയുടെയും നിലനിൽപ്പിന്റെ തന്നെയും അടിസ്ഥാന ഘടകങ്ങളിലൊന്നാണ്. കൃഷിയും ചെറുകിട വ്യാപാരവും നടത്തുന്നതിനും വിദേശത്തും സ്വദേശത്തും തൊഴിൽ കണ്ടെത്തുന്നതിനുമെല്ലാം സഹായിക്കുന്നത് സഹകരണ മേഖല യാണ്. അതുകൊണ്ട് സഹകരണമേഖലയെ കരുത്തുള്ളതാക്കാനും സംരക്ഷിക്കാനും കാര്യക്ഷമവും ബോധപൂർവ്വവുമായ ശ്രമം വേണം.

സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം തളർത്തുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പ്രൈമറി സഹകരണ ബാങ്കുകളുടെ ചെക്കുകൾ കോമേഴ്സ്യൽ ബാങ്കുകൾ ക്ലിയർ ചെയ്തുകൊടുക്കില്ലെന്ന പ്രശ്നം ഉയർന്നു വന്നിരിക്കുന്നു. ഫലത്തിൽ സഹകരണ ബാങ്കുകളെ തകർക്കുക യാണ് തെറ്റായ ഈ തീരുമാനത്തിലൂടെ. ഉടനടി അത് പിൻവലി ക്കാൻ തയ്യാറാകണം. സഹകരണ ബാങ്കുകൾ പ്രവർത്തന ലാഭത്തിന്റെ മുപ്പത് ശതമാനം വരുമാനനികുതിയായി അടക്കണ മെന്ന് അനുശാസിച്ചിരിക്കുകയാണ് കേന്ദ്ര സർക്കാർ. ഇതും സഹകരണ മേഖലയെ തകർക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. വൈദ്യ നാഥൻ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കിയാൽ കേരളത്തിലെ

സഹകരണ മേഖലയുടെ ഉന്നമനത്തിനായി 858 കോടിയുടെ സഹായം നൽകുമെന്ന് പറയുന്നു. എന്തേ അതുവാങ്ങിയെടുക്കാത്തതെന്ന് സംസ്ഥാനത്തു നിന്നുള്ള കേന്ദ്രമന്ത്രിമാർവരെ ചോദിക്കുന്നു. മുൻ ഗവൺമെന്റിന്റെ കാലത്തുതന്നെ വൈദ്യനാഥൻ ശുപാർശ അതേപടി അംഗീകരിക്കാനാവില്ലെന്ന് കേന്ദ്രത്തെ അറിയിച്ചതാണ്. ലോകബാങ്കും ഐ.എം.എഫുമെല്ലാം വായ്പക്ക് നിബന്ധനവെക്കുന്നതുപോലെ കേന്ദ്രഗവൺമെന്റിന് സംസ്ഥാനങ്ങളുടെ മേൽ നിബന്ധന അടിച്ചേൽപ്പിക്കാമോ എന്നതാണ് പ്രശ്നം. വൈദ്യനാഥൻ ശുപാർശകൾ അതേപടി നടപ്പാക്കുന്നത് കേരളത്തിലെ സഹകരണമേഖലക്ക് സഹായകമാകില്ല. ഏറ്റവും ജനാധിപത്യപരമായി മികച്ച സാമ്പത്തിക പ്രവർത്തനം നടത്തുകയും ബാങ്കിംഗ് രംഗത്ത് ജനങ്ങൾക്ക് ഏറ്റവും പ്രിയങ്കരമായതുമാണ് കേരളത്തിലെ സഹകരണമേഖല. അതിനെ പ്രോത്സാഹിപ്പിക്കാൻ വൈദ്യനാഥൻ കമ്മിറ്റി ശുപാർശ ചെയ്ത തുക അനുവദിക്കണം. അതുപക്ഷേ സഹകരണമേഖലയുടെ അടിസ്ഥാന സ്വഭാവം തകർക്കുന്ന നിബന്ധകളോടെയാവരുത് എന്നാണ് പറയാനുള്ളത്.

ചെട്ടിക്കാട് സർവീസ് സഹകരണ ബാങ്കിന് എല്ലാ വിജയവും ആശംസിച്ചു കൊണ്ട് നിർത്തുന്നു.

നന്ദി, നമസ്ക്കാരം

☆☆☆☆☆